KSFESA
C I T U

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R. No.K.1128)
E-mail : ksfesacitusc@gmail.com Web : www.ksfesa.com

President
Elamaram Kareem
Mob : 9400307786

General Secretary
S.Muraleekrishnapillai
Mob : 9446538432

*Ref. No.* *Date.* 01/11/2019

## ബഹുമാനപ്പെട്ട KSFE മാനേജിംഗ് ഡയറക്ടർക്ക് KSFE സ്റ്റാഫ് അസോസിയേഷൻ (CITU) ന്റെ തുറന്ന കത്ത്

സർ,

ഉഭയകക്ഷി ചർച്ചയിലൂടെയും അല്ലാതെയും KSFE യുടെ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയ താഴെ കൊടുക്കുന്ന വിഷയങ്ങളിൽ മാനേജ്മെന്റ് പുലർത്തുന്ന അങ്ങേയറ്റത്തെ കുറ്റകരമായ അനാസ്ഥയിലും അപകടകരമായ നിസംഗതയിലും വനിതാ ജീവനക്കാരുടെ പ്രത്യേക അവകാശങ്ങളോട് കാട്ടുന്ന വിവേചന സമീപനത്തിലും ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു.

2019 നവംബർ 17 ന് പ്രമോഷൻ ടെസ്റ്റ് നടക്കുകയാണ്. അസിസ്റ്റന്റ് സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ ചൂണ്ടിക്കാട്ടി നിരവധി ജീവനക്കാർ നൽകിയ പരാതി പരിഹരിക്കാതെയാണ് എ.എം. പ്രമോഷൻ ലിസ്റ്റ് 31-10-2019 ന് പ്രസിദ്ധീകരിച്ചത്.

ഇത് പരാതി ഉന്നയിച്ച ജീവനക്കാരുടെയും നവംബർ 17 ന് പരീക്ഷയെഴുതുന്ന സീനിയർ ആയ ജീവനക്കാരുടെയും അവകാശ ലംഘനമാണ്. അംഗീകൃത ചട്ടങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ലംഘനവുമാണ്. സമ്മർദ്ദ ഗ്രൂപ്പുകൾക്ക് വിധേയമായി അംഗീകൃത ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും ലംഘിക്കുന്നത് സ്ഥാപനത്തിന് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് അങ്ങയെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

മുകളിൽ കാണിച്ച വിഷയത്തിൽ സ്വീകരിച്ച അമിത ശുഷ്കാന്തി ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് ജീവനക്കാരുടെ ഒഴിവുകൾ (സെപ്റ്റംബർ റിവ്യൂ) സത്യസന്ധമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാണുന്നില്ല. റിവ്യൂ കാലയളവിലെ അസി.മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷനുകൾ മാത്രം പരിഗണിച്ചാൽപ്പോലും 200-ഓളം ഒഴിവുകൾ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ട്. ഈ ഒഴിവുകൾ സമയ ബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിൽ 20ഓളം ഓഫീസ് അറ്റന്റന്റുമാർക്ക് അസിസ്റ്റന്റുമാരായി പ്രമോഷൻ നൽകാമായിരുന്നു. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾമൂലം വീർപ്പുമുട്ടുന്ന ശാഖകൾക്ക് അല്പം ആശ്വാസവും ലഭിക്കുമായിരുന്നു. എന്തുകൊണ്ടാണ് മാനേജ്മെന്റിനെ ഇത് തെല്ലും അലോസരപ്പെടുത്താത്തത്?

സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറെ കാലങ്ങളായി ഉയർന്നുവരുന്ന നിരവധി പ്രശ്നങ്ങൾ 25-09-2019 ന് ചേർന്ന സംഘടനയുടെ സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്തിരുന്നു. എച്ച്.ഒ.യുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ ആധുനിക വത്കരണവുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ആക്ഷേപങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ

അശാസ്ത്രീയതയും ഗുണ നിലവാരമില്ലായ്മയും, ശാഖകൾക്ക് മുന്നിൽ സ്ഥാപിക്കുന്ന ബോർഡുകളുടെ അമിതവില, പരസ്യങ്ങൾക്കും ആഡംബര ചെലവുകൾക്കും പുറമെ സ്ഥാപനത്തിന് ഒരു പ്രയോജനവും ഉണ്ടാക്കാത്ത സ്പോൺസേർഡ് പരിപാടികൾക്കും അമിതമായി പണം ചെലവാക്കുന്നത് – എന്നിങ്ങനെ നിരവധി ആക്ഷേപങ്ങളാണ് സംസ്ഥാന കമ്മിറ്റിയിൽ ഉയർന്നു വന്നത്. ഉത്പാദനപരമല്ലാത്ത ധൂർത്തിനും അമിത ചെലവുകൾക്കുമെതിരെ ശക്തമായ വിമർശനം മാനേജ്മെന്റിനെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തൃപ്തികരമായ മറുപടി ഇതുവരെയും സംഘടനയ്ക്ക് ലഭിച്ചിട്ടില്ലെന്നും അങ്ങയെ ഓർമ്മിപ്പിക്കുന്നു.

ചിട്ടി ക്യാമ്പയിനുകൾക്ക് തെരുവിൽ ഇറങ്ങുന്ന ജീവനക്കാർക്ക് നൽകികൊണ്ടിരുന്ന ഉപഹാരം ഏകപക്ഷീയമായി നിർത്തലാക്കിയതിൽ ജീവനക്കാരിൽ പ്രതിഷേധം പുകയുകയാണ്. (ഉപഹാരം ഇരന്നുവാങ്ങേണ്ട ഗതികേട് KSFE ജീവനക്കാർക്കില്ല) സുവർണ്ണ ജൂബിലി ഉപഹാരവും ഈ രീതിയിൽ അട്ടിമറിക്കപ്പെടുമെന്ന് ജീവനക്കാർക്ക് ആശങ്കയുണ്ട്. ജീവനക്കാരുടെ ഉപഹാരം അട്ടിമറിച്ച അതേ മാനേജ്മെന്റാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് വിലകൂടിയ മൊബൈൽ ഫോൺ വാങ്ങി നൽകുന്നത്. ഇതിൽ അങ്ങേയ്ക്ക് ലവലേശം ലജ്ജ തോന്നുന്നില്ലേ ?

കഴിഞ്ഞ ശമ്പളപരിഷ്കരണ സമയത്ത് വെയിറ്റേജ് ആനുകൂല്യം ലഭിക്കാനായി PTS ഉൾപ്പെടെയുള്ള വർക്ക്മെൻ വിഭാഗം ജീവനക്കാർ ഓപ്ഷൻ നൽകിയിരുന്നു. എന്നാൽ ഓപ്ഷൻ തീയതിയിലെ വ്യത്യാസം മൂലം ശമ്പളപരിഷ്കരണ ആനുകൂല്യവും വെയിറ്റേജും ഒരേ സമയം നഷ്ടപ്പെടുന്ന സ്ഥിതി ഇവരിൽ ചുരുക്കം ചിലർക്കുണ്ടായി. ഇവർക്ക് കനത്ത സാമ്പത്തിക നഷ്ടമാണുണ്ടായത്. തെറ്റു മനസ്സിലാക്കിയ ഇവർ ഓപ്ഷൻ മാറ്റി നൽകി. ഒരു പ്രയോജനവുമില്ല. ഫയൽ P & HR തലവൻ ഹെഡ് ഓഫീസിൽ കെട്ടി വച്ചിരിക്കുകയാണ്. ഓരോ ഫയലും ഓരോ ജീവിതമാണ് എന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ട് സർക്കാർ ജീവനക്കാരെ കർമനിരതരാക്കുന്ന ജനകീയനായ മുഖ്യമന്ത്രി നാട് ഭരിക്കുമ്പോഴാണ് KSFE യിലെ അടിസ്ഥാന വിഭാഗം ജീവനക്കാർക്ക് ഈ ദുരവസ്ഥ ഉണ്ടായത്.

രണ്ടര വർഷമായി വൃദ്ധരും രോഗികളുമായ മാതാപിതാക്കളേയും കൈവിട്ട് കൈകുഞ്ഞുങ്ങളുമായി ജോലി ചെയ്യുകയാണ് വനിതകളടക്കമുള്ള വർക്ക്മെൻ ജീവനക്കാർ. ഇവരുടെ ന്യായമായ സ്ഥലംമാറ്റ പ്രശ്നം മാനേജ്മെന്റിനെ അലട്ടുന്നതേയില്ല. ഓഫീസർമാർക്ക് ദിനംപ്രതി സ്ഥലമാറ്റം ഇറക്കുന്നതിന് വൈക്ലബ്യവുമില്ല. ഓഫീസുകളിലെ ശുചിയാക്കൽ ജോലികൾ നിർവ്വഹിക്കുന്ന PTS ജീവനക്കാർക്ക് കൈയുറയും മാസ്കും ഗംബൂട്ടും നൽകുമെന്ന ഉറപ്പു തുടർച്ചയായി ലംഘിക്കപ്പെടുകയല്ലേ? ഇവരുടെ പരിദേവനം ബധിരകർണ്ണങ്ങളിൽ പതിക്കുന്നത് നീതിയാണോ ?

KSFE ജീവനക്കാരിൽ മഹാഭൂരിപക്ഷവും വനിതകളാണ്. ഇവർ ഗുരുതരമായ അരക്ഷിതാവസ്ഥ നേരിടുന്നു. ഇവർ നൽകുന്ന ന്യായമായ പരാതികൾ അട്ടിമറിക്കപ്പെടുന്നു. അന്വേഷണം ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലൊതുങ്ങുന്നു. പരിശീലനത്തിനെത്തുന്ന ജീവനക്കാരെ താമസിപ്പിച്ചിരുന്നത് തിരുവനന്തപുരം, ശ്രീകാര്യം സൺറൈസ് അപ്പാർട്ട്മെന്റിലാണ്. സ്ത്രീകൾ താമസിച്ചിരുന്ന കെട്ടിടത്തിൽ ഒരു ക്രിമിനൽ കടന്നുകയറിയത് ഞെട്ടിപ്പിക്കുന്നതാണ്. സംഘടന മുഖ്യമന്ത്രിയ്ക്കും DGP യ്ക്കും നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രതിയെ അറസ്റ്റ് ചെയ്തു. സ്ത്രീകളെ താമസിപ്പിക്കുന്ന സ്ഥലത്ത് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തിയവരെ മാനേജ്മെന്റ് സംരക്ഷിക്കുകയാണ്. കേസ് കൊടുക്കാൻ വൈകിയ ഉദ്യോഗസ്ഥർക്കെതിരെയും ഒരു നടപടിയും മാനേജ്മെന്റ് സ്വീകരിച്ചിട്ടില്ല. സ്ത്രീ ജീവനക്കാരുടെ ആത്മാഭി മാനത്തെ ചോദ്യം ചെയ്യുന്ന ഇത്തരം സമീപനങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭ സമരപരിപാടികൾ സ്വീകരിക്കുമെന്ന് സംഘടന മുന്നറിയിപ്പ് നൽകുന്നു. KSFE ഡയറക്ടർ ബോർഡിൽ വനിതകളുടെ അസാന്നിദ്ധ്യത്തിന്റെ ആപത്ത് സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വനിതാ ജീവനക്കാർ തിരിച്ചറിയുകയാണ്.

പെർഫോമൻസ് ഇൻസെന്റീവ് 7.75% നിരക്കിൽ നൽകുമെന്ന് ബഹു. ധനമന്ത്രി 6-9-2019-ൽ തന്നെ സംഘടനകളെ അറിയിച്ചതാണ്. എന്നാൽ ഇത് വിതരണം ചെയ്യുന്നതിൽ ഗുരുതരമായ കാലവിളംബമാണ് മാനേജ്മെന്റ് നടത്തിയത്. മേൽ സംഭവങ്ങളുടെയാകെ വെളിച്ചത്തിൽ ശക്തമായ പ്രത്യക്ഷ സമരങ്ങളിലേയ്ക്കും നിസ്സഹകരണ സമരത്തിലേയ്ക്കും കടക്കാൻ സംഘടന നിർബന്ധിതമാകുമെന്ന് ടെലിഫോൺ മുഖേന അറിയിച്ചപ്പോഴാണല്ലോ 7.75% നിരക്കിൽ ഇൻസെന്റീവ് കുടിശ്ശിക വിതരണം ചെയ്യുമെന്ന് താങ്കൾ അറിയിച്ചത്. എന്നാൽ ഞങ്ങളുടെ വിമർശനം ഇൻസെന്റീവിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് അറിയിക്കുന്നു. ട്രെയിനിംഗ് സെന്ററിൽ താമസിപ്പിച്ച സ്ത്രീകളുടെ സുരക്ഷിതത്വം പോലും ഉറപ്പാക്കാൻ കഴിയാത്ത മാനേജ്മെന്റ് വിളിക്കുന്ന യോഗങ്ങളിലേയ്ക്ക് എന്തുറപ്പിന്റെയടിസ്ഥാനത്തിലാണ് സ്ത്രീകൾ പങ്കെടുക്കേണ്ടത്?

02/18 എന്ന സർക്കുലർ മരവിപ്പിക്കുമെന്ന് ഉഭയകക്ഷി ചർച്ചയിൽ തന്ന ഉറപ്പ് പാലിക്കാൻ അങ്ങേയ്ക്ക് ഇതുവരെയും കഴിയാത്തതെന്തുകൊണ്ടാണ് ? സുവർണ്ണജൂബിലി വർഷത്തിലും മൊബൈൽ ആപ്പ് യാഥാർത്ഥ്യമാകാത്തതെന്തുകൊണ്ടാണ് ? ഇന്റേണൽ ആഡിറ്റർമാർക്ക് നൽകുന്ന സ്കോർ ഷീറ്റിൽ 5 മണിക്ക് ശേഷവും ഉച്ചയ്ക്കുള്ള ലഞ്ച് ബ്രേക്ക് സമയത്തും ജോലി ചെയ്യുന്ന ശാഖകൾക്ക് ഗ്രേസ് മാർക്ക് നൽകാനുള്ള അത്യന്തം തൊഴിലാളിവിരുദ്ധനീക്കം നടത്താൻ അങ്ങേയ്ക്ക് ആരാണ് അധികാരം നൽകിയത് ? CASBA യും കണക്ടിവിറ്റി പ്രശ്നവും പരിഹരിക്കാൻ എന്ത് കർമ്മപരിപാടികളാണ് ഈ സുവർണ്ണജൂബിലി വർഷത്തിലെങ്കിലും മാനേജ്മെന്റിന്റെ ആലോചനയിലുള്ളത് ? 700 കോടി ചിട്ടി ലക്ഷ്യമാക്കിയുള്ള സുവർണ്ണജൂബിലി ചിട്ടി പദ്ധതി അവസാന പാദത്തിലേക്ക് നീങ്ങുമ്പോഴും വരിക്കാർക്കുള്ള സമ്മാനം നൽകാത്ത നടപടി ഈ സ്ഥാപനത്തിന്റെ അന്തസ്സല്ലേ കെടുത്തിയത് ? തെറ്റുകൾ സംഭവിക്കാം. തെറ്റുകൾ തിരുത്താതെ അത് ആഭരണമായി കൊണ്ടു നടക്കുന്നത് അങ്ങേയ്ക്ക് ഭൂഷണമായിരിക്കാം. എന്നാൽ KSFEയ്ക്ക് ഭൂഷണമല്ലെന്ന് അറിയിക്കുന്നു.

പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെത്തട്ടിലെ ജീവനക്കാരോട് അനുഭാവം തോന്നുന്ന മനസ്സുവേണം. ആത്മാർത്ഥമായ പരിശ്രമം വേണം. അല്ലെങ്കിൽ മാനേജ്മെന്റിന്റെ ഉത്സവാഘോഷങ്ങളിലും ആറാട്ടുകളിലും പ്രദർശന വസ്തുക്കളായി ഇതികർത്തവ്യതാമൂഢരായി വേഷം കെട്ടാൻ ഞങ്ങൾ ഒരുക്കമല്ലെന്ന് അറിയിക്കുന്നു. മാനേജ്മെന്റിനോടുള്ള നിസ്സഹകരണം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,



**എസ്.മുരളീകൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി